പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2691

20.06.2013 ലെ മറുപടിക്ക്

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ദേശീയ വിദ്യാഭ്യാസ നയം നമ്മുടെ സംസ്ഥാനത്ത് ഏതു രീതിയിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒന്നുമുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും, നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഈ അധ്യായനവർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും, 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അൺഎയിഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25% ശതമാനമെങ്കിലും, അയൽ പക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും, പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും, സൗജന്യവും, നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും, ഓരോ കുട്ടിയ്ക്കും ചെലവാകുന്ന തുകയോ, അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന |

യഥാർത്ഥ തുകയോ, ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് 1 കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി.സ്കൂളുകളിൽ 1 : 35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ് /എയിഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ്ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കി പകരം, ദിവസവേതനാടിസ്ഥാനത്തിൽ ടീച്ചേഴ്സിനെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ്സുവരെ ഓൾ പ്രമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ്

സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിങ്ങ് നടപ്പിലാക്കി.

ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി) സമ്പ്രദായം നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) 5 വയസ്സിൽ ഒന്നാം ക്ലാസിൽ ചേരുന്ന കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം തുടർന്നും നിലനിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട് |
| (സി.) സംസ്ഥാനത്ത് ഇപ്പോഴുള്ള എൽ.പി., യു.പി. ഹൈസ്കൂൾ സമ്പ്രദായം അതേപടി നിലനിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി.) ഇല്ല; |
| (ഡി) ഇല്ലെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇക്കാര്യത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്? | (ഡി) 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി ഘടനാമാറ്റം വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻഓഫീസർ